©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

## (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV

## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2020 TO 31ST MARCH 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2020 TO 31ST MARCH 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

914/2021.

# ഉള്ളടക്കം



| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 24 |

# സബ്ജക്ട് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

## (2021-2023)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. രാജീവ്,

നിയമം വ്യവസായം കയർ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

1-4-2020 മുതൽ 31-3-2021 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 2 യോഗങ്ങൾ ചേരുകയുണ്ടായി. 23-7-2020, 23-12-2020 എന്നീ തീയതികളിലാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, 2020-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങളുടെ കരട് പരിഗണന, Kerala Micro and Small Enterprises Facilatation Council Rules, 2019 (എസ്.ആർ.ഒ. നമ്പർ 947/2019, തീയതി 3-12-2019), 2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 12/2020, തീയതി 6-1-2020), Kerala Minor Mineral Concession (Amendment) Rules, 2020 (എസ്.ആർ.ഒ. നമ്പർ 9/2020, തീയതി 6-1-2020) എന്നിവയുടെ പരിഗണന എന്നിവയ്ക്കായാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ
അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ
അദ്ധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ
അദ്ധ്യായം IV - നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - (a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2021 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**പി. രാജീവ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2021 ജൂൺ 30.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2019-20 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 23-7-2020-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2020 ആഗസ്റ്റ്-24 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 23-7-2020-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2020 ആഗസ്റ്റ് 24-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല.

## അദ്ധ്യായം III

### സമിതി പരിശോധിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

1. 2020-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങളുടെ കരട് 23-7-2020-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2. Kerala Micro and Small Enterprises Facilitation Council Rules, 2019 (എസ്.ആർ.ഒ. നമ്പർ 947/2019, തീയതി 3-12-2019) 23-7-2020-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

3. 2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 12/2020, തീയതി 6-1-2020) 23-12-2020-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

4. Kerala Minor Mineral Concession (Amendment) Rules, 2020 (എസ്.ആർ.ഒ. നമ്പർ 9/2020, തീയതി 6-1-2020) 23-12-2020-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

ഇല്ല.

അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| 1 | 2 | 3 | 4 |
| XXXVII—വ്യവസായങ്ങൾ | 2019-20 | സാമ്പത്തികസ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് | 24-8-2020 |
| | 2018-19 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, പബ്ലിക് സെക്ടർ റീ-സ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | |
| | 2015-16 | കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് വകുപ്പ്, കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ), സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ് | |
| | 2019-20 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ് | 13-1-2021 |
| | 2019-20 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | 22-1-2021 |

## അദ്ധ്യായം VI

**(a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 44 | 1, 3, 29, 39, 41, 44 | 2, 4-28, 30-38, 40, 42, 43 | 38 |

**(b) സമിതി പരിഗണിച്ച് അംഗീകരിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശ കളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ**

**2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

### ശിപാർശ

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുംവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 289.99 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

### സ്വീകരിച്ച നടപടി

അധികതുക വകയിരുത്തിയിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്1/149/2019/വ്യവ., തീയതി 29-10-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ ആധുനികവൽക്കരണ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുന്ന പദ്ധതി ചെലവിന്റെ വർദ്ധനവ്, ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്പനി പുറന്തള്ളുന്ന മാലിന്യത്തിൽ നിന്ന് ഉപോൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ പ്രസ്തുത ശീർഷകത്തിൽ 57.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധികതുക കമ്പനിക്ക് അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്3/169/2019/വ്യവ., തീയതി 1-12-2020)

(കാലതാമസപത്രിക 13-1-2021 -ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ സിമന്റ് കിലൻ നവീകരണ പദ്ധതികൾ പൂർത്തീകരിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 1.5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് ഭരണാനുമതി നൽകിയ സിമന്റ് കിലൻ നവീകരണ പദ്ധതിയ്ക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികതുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്2/114/2019/വ്യവ., തീയതി 2-11-2020)

(കാലതാമസപത്രിക 13-1-2021 -ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2018-19-ൽ പ്രഖ്യാപിച്ച എൽ.വി.പി., എസ്.വി.പി. പദ്ധതിയുടെ നടത്തിപ്പിനായി 23 കോടി രൂപയും പദ്ധതി ചെലവിൽ ഉണ്ടാകുന്ന വർദ്ധനയുംകൂടി കണക്കിലെടുത്ത് ബഡ്ജറ്റ് തുകയോടൊപ്പം ഉപധനാഭ്യർത്ഥനവഴിയോ അഥവാ ധനപുനഃവിനിയോഗം വഴിയോ പ്രസ്തുത ശീർഷകത്തിൽ 27 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധികതുക കമ്പനിക്ക് അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

കണ്ണൂർ ജില്ലയിൽ രാമന്തളി പഞ്ചായത്തിലെ വലിയ കടപ്പുറം അഴിമുഖത്ത് അടിഞ്ഞ് കൂടിയിട്ടുള്ള മണൽ ഡ്രഡ്ജ് ചെയ്ത് മാറ്റി മത്സ്യബന്ധന ബോട്ടുകൾക്ക് സഞ്ചാര യോഗ്യമാക്കുവാനും മണൽ വേർതിരിച്ച് ജില്ലാ കളക്ടറും പഞ്ചായത്ത് അധികാരികളും നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിച്ച് കൊടുക്കുന്ന പ്രവൃത്തി ഏറ്റെടുത്ത് നട<u>ത്തു</u>ന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നട<u>ത്തു</u>ന്നതിനായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 4 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധികതുക കമ്പനിക്ക് അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്3/169/2019/വ്യവ., തീയതി 1-12-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ദേശീയ അന്തർദ്ദേശീയ തലത്തിൽ നിർബന്ധമാക്കിയിട്ടുള്ള മാനദണ്ഡപ്രകാരം ട്രാൻസ്ഫോർമറുകളുടെ ടെസ്റ്റിംഗ് നട<u>ത്തു</u>ന്നതിനായി ത്രീ ഫേസ് ജനറേറ്റർ സ്ഥാപിക്കുന്നതിനും കമ്പോളത്തിന് ആവശ്യമായ ഉയർന്ന കപ്പാസിറ്റിയിലെ

ട്രാൻസ്ഫോർമറുകളുടെ ഉല്പാദനത്തിനായി നിലവിലെ ക്രെയിൻ കപ്പാസിറ്റി ഉയർത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8.50 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

അധികതുക വകയിരുത്തിയിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്1/149/2019/വ്യവ., തീയതി 29-10-2020)

(കാലതാമസപത്രിക 13-1-2021 -ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

**കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്**

പുതിയ ഇ-വെഹിക്കിൾ പോളിസി പ്രകാരം ഇലക്ട്രിക് വാഹന നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 34 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുക, ഉല്പാദന മികവ് വർദ്ധിപ്പിക്കാനായി നിലവിലുള്ള നിർമ്മാണശാല നവീകരിക്കുക, സോളാർ മൊഡ്യൂളിന്റെ നിർമ്മാണം, സ്മാർട്ട് മീറ്ററിംഗ്, സൗരോർജ്ജ വൈദ്യുതി നിലയം എന്നിവ നടപ്പാക്കുക കൂടാതെ സ്പേസ് ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, പവർ ഇലക്ട്രോണിക്സ് എന്നീ രംഗങ്ങളിലെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി കമ്പനിയുടെ ഉല്പാദന സൗകര്യങ്ങൾ ആധുനീകരിക്കുക തുടങ്ങിയവയ്ക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 21.74 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിനുള്ള വായ്പകൾ**

പദ്ധതി ചെലവിനങ്ങളിലുണ്ടായേക്കാവുന്ന വർദ്ധനവ് കണക്കിലെടുക്കുമ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 1.50 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/124/2019/വ്യവ., തീയതി 2-12-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കേരള സിറാമിക്സ് ലിമിറ്റഡിന്റെ സമഗ്ര പുനരുദ്ധാരണത്തിനായുള്ള ആധുനികവൽക്കരണ പദ്ധതികൾക്കായി വിവിധ ഘട്ടങ്ങളിലായി അനുവദിച്ച തുകകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലെന്നും തുകകൾ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനെ തുടർന്ന് അധികചെലവുണ്ടായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതി ചെലവിനുണ്ടാകുന്ന വർദ്ധനവുകൂടി കണക്കിലെടുത്ത് മേൽശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6.79 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

കേരള സിറാമിക്സ് ലിമിറ്റഡിന്റെ സമഗ്ര പുനരുദ്ധാരത്തിനായുള്ള ആധുനികവൽക്കരണ പദ്ധതികൾക്കായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധിക തുകയൊന്നും അനുവദിച്ചുനൽകിയിട്ടില്ല.

ശിപാർശ

2018-19-ൽ ഡെയറിഫാം/കോക്കനട്ട് പ്രോസസിംഗ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും പണം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ ഇതുവരെ കഴിഞ്ഞില്ലെന്നും യന്ത്രസാമഗ്രികളുടെയും കെട്ടിട നിർമ്മാണ സാമഗ്രികളുടെയും വില വർദ്ധനവ് ഉണ്ടായതുമൂലം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ അധികചെലവ് ഉണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 3.50 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

കേരള ക്ലെയ്സ് ആൻഡ് സിറാമിക് പ്രോഡക്ട് ലിമിറ്റഡിന്റെ വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 9.50 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് ലൈവ്സ്റ്റോക്ക് ആൻഡ് കോക്കനട്ട് പ്രോസസ്സിംഗ് പദ്ധതിക്ക് ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധിക തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്2/114/2019/വ്യവ., തീയതി 2-11-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദീർഘകാല പദ്ധതികൾ നടപ്പിലാക്കി സ്ഥാപനങ്ങൾ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഈ പദ്ധതിക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ മേൽശീർഷകത്തിൽ 30 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

അധികതുക വകയിരുത്തിയിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്1/149/2019/വ്യവ., തീയതി 29-10-2020)

(കാലതാമസപത്രിക 13-1-2021 -ന് സഭയിൽ സമർപ്പിച്ചു).

## 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1325/സബ്.സി.ബി.2/2018/നി.സെ.)

ശിപാർശ

കരകൗശല മേഖലയിൽ 11 ക്ലസ്റ്ററുകൾ വിവിധ ഘട്ടങ്ങളിൽ പ്രവർത്തന പുരോഗതിയിലാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 85 ലക്ഷം രൂപ മേൽപ്പറഞ്ഞവയിൽ 2 ക്ലസ്റ്ററുകൾക്ക് പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി മാത്രമെ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂയെന്നും സമിതി മനസ്സിലാക്കുന്നു. 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ ചുരുങ്ങിയത് 5 കരകൗശല ക്ലസ്റ്ററുകൾക്ക് കൂടിയെങ്കിലും പൊതുസൗകര്യകേന്ദ്രങ്ങൾ സ്ഥാപിച്ചുനൽകേണ്ടതുണ്ട് എന്നതിനാൽ മേൽശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

തുക അധികമായി അനുവദിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഇത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ-കെ3/140/2018-വ്യവ., തീയതി 4-10-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

സ്റ്റേറ്റ് ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും, ബാംബൂ കോർപ്പറേഷൻ, സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി മുള വ്യവസായ വികസന പദ്ധതിയുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽശീർഷകത്തിൽ 120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-104-76 എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/133/2018-വ്യവ., തീയതി 13-11-2019)

(കാലതാമസപത്രിക 6-2-2020 -ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കരകൗശല തൊഴിലാളികൾക്കുള്ള സഹായ (ആശ) പദ്ധതിക്ക് ഉചിതമായ പരിഗണന നൽകണമെന്നും കരകൗശല മേഖലയിലെ ആർട്ടിസാൻമാർ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വളരെ താല്പര്യം കാണിക്കുന്ന സാഹചര്യത്തിൽ അവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ പിന്തുണ നൽകാനും സ്ത്രീ സംരംഭകർക്ക് ഒറ്റത്തവണ സഹായം നൽകാനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 15 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

തുക അധികമായി അനുവദിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഇത് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ-കെ3/140/2018-വ്യവ., തീയതി 4-10-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും മൂലമുണ്ടായ അധിക ചെലവ്, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും നൽകേണ്ട കുടിശ്ശിക, ഡി.എ.കുടിശ്ശിക എന്നിവ കണക്കാക്കുമ്പോൾ ഖാദിഗ്രാമ ബോർഡിന് അനുവദിച്ച തുക കുറവാണെന്നും കൂടാതെ ഈ ഇനത്തിലെ തുക കുറവായിരുന്നതിനാൽ ബോർഡ് 1991 മുതൽ വകമാറ്റി ചെലവഴിച്ച തുകകൂടി ചേർത്ത് ആകെ 10039.95 ലക്ഷം രൂപ ബോർഡിന് ബാധ്യത ഉണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 1000 ലക്ഷം രൂപ എങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-105-99-31 എന്ന ശീർഷകത്തിൽ 16-3-2019-ലെ സ.ഉ.(സാധാ.)നമ്പർ 260/19/വ്യവ. പ്രകാരം 4 കോടി രൂപ മാത്രമെ അധികമായി അനുവദിക്കാൻ കഴിഞ്ഞുള്ളൂ.

ശിപാർശ

സംസ്ഥാനത്തെ ഖാദി ചില്ലറ വിൽപ്പന കണക്കാക്കുമ്പോൾ റിബേറ്റിനായി അനുവദിച്ച തുക കുറവാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ എല്ലാ വർഷവും വിവിധ സ്പെല്ലുകളിലായി നോർമൽ റിബേറ്റിനുപുറമെ 70 ദിവസം ഉത്സവ കാലങ്ങളായി കണക്കാക്കി 10% അധിക റിബേറ്റ് ഖാദി ചില്ലറ വിൽപ്പനയ്ക്ക് നൽകിവരുന്നുണ്ട്. ഇതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ റിബേറ്റിനത്തിൽ 2490 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-105-96-33 എന്ന ശീർഷകത്തിൽ 2018-2019 സാമ്പത്തിക വർഷം റിബേറ്റിനത്തിൽ അധികതുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/133/2018-വ്യവ., തീയതി 13-11-2019)

(കാലതാമസപത്രിക 6-2-2020 -ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കേരള ഖാദി തൊഴിലാളി ക്ഷേമനിധിയിൽനിന്ന് പെൻഷനും ആനുകൂല്യങ്ങളും നൽകുന്ന ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്ത മായതിനാൽ മേൽശീർഷകത്തിൽ സർക്കാർ വിഹിതം ഇനത്തിൽ 878.02912 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-105-95 എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 44,95,000 രൂപ (നാല്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ മാത്രം) അനുവദിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധിയിൽനിന്ന് പെൻഷനും ആനുകൂല്യങ്ങളും നൽകുന്ന ആവശ്യത്തിലേക്കായി 4,67,65,000 രൂപ (നാല് കോടി അറുപത്തേഴ് ലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) അധികമായി അനുവദിക്കുകയുണ്ടായിട്ടുണ്ട്.

(റഫറൻസ് നമ്പർ വ്യവ-കെ1/20/2020-വ്യവ., തീയതി 6-2-2020)

(കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

ഖാദി വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി 2018-19-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 185 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-105-87 എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം അധിക തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻവേണ്ട ധനസഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി വിലയിരുത്തുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണെന്നും ആകെ പദ്ധതി ചെലവിന്റെ 90-95 ശതമാനം വരെ തുക ബാങ്ക് വായ്പയും 5-10 ശതമാനം വരെ തുക ഗുണഭോക്തൃവിഹിതവും ആയിരിക്കണമെന്നും ആയതിൽ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2851-00-105-85 എന്ന ശീർഷകത്തിൽ വിഭവ ലഭ്യതയുടെ പരിമിതിമൂലം 2018-19 സാമ്പത്തിക വർഷം തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

നെയ്ത്തുകാർക്ക് 180 പൈസ നിരക്കിലും നൂൽപ്പുകാർക്ക് 60 പൈസ നിരക്കിലും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും ഉത്സവ കാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാലബത്ത നൽകുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി പ്രകാരം, കേരളത്തിലെ ഖാദി

സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പണിയെടുക്കുന്ന 13600-ഓളം ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഉത്സവകാല ഇൻസെന്റീവ് വിതരണം ചെയ്യേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. 2018-19 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

2851-00-105-73 എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും നൽകുകയും ചെയ്തു. വിഭവലഭ്യതയുടെ പരിമിതിമൂലം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 500 ലക്ഷം രൂപയിൽ 28-3-2019-ലെ സ.ഉ.(സാധാ.)നമ്പർ 290/2019/വ്യവ., പ്രകാരം 300 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ചെയ്തു.

ശിപാർശ

വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-105-73 എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം അധികതുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

ഖാദി മേഖലയിൽ സോളാർ എനർജി ഉപയോഗപ്പെടുത്തി ചർക്കകളിലും തറികളിലും നെയ്ത്ത് അനുബന്ധ ഉപകരണങ്ങളിലും ഭാഗിക യന്ത്രവൽക്കരണം നടപ്പാക്കി ഉൽപ്പാദന വർദ്ധനവ് ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് ഉയർന്ന വേതനം ലഭ്യമാക്കുന്നതിനുമായുള്ള പദ്ധതിക്ക് 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-105-71 എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

സംസ്ഥാനത്തെ 14 ജില്ലകളിലെയും 2 പഞ്ചായത്തുകളിൽ വീതം വർഷംതോറും 1000 പേർക്ക് പുതുതായി ഖാദി നൂൽപ്പ്-നെയ്ത്ത് മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽശീർഷകത്തിൽ 118 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതിമൂലം 2851-00-105-69 എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

ഖാദി ഉല്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതിമൂലം 2018-19 സാമ്പത്തിക വർഷം 2851-00-105-66(02) എന്ന ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

ഖാദി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടത്തിവരുന്ന കമ്പ്യൂട്ടർവൽക്കരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 17 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതിമൂലം 2018-19 സാമ്പത്തിക വർഷം 2851-00-105-66(03) എന്ന ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

സംസ്ഥാനത്തെ മുഴുവൻ നൂൽപ്പ് കേന്ദ്രങ്ങൾക്കും ആവശ്യമായ സ്ലൈവർ, കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പ്രവർത്തിക്കുന്ന സ്ലൈവർ പ്രോജക്ടിൽനിന്നും യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ തെക്കൻ മേഖലകളിൽ സുഗമമായി സ്ലൈവർ വിതരണം ചെയ്യുന്നതിനായി കൊല്ലം ജില്ലയിൽ ഒരു മിനി കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതിമൂലം 2018-19 സാമ്പത്തിക വർഷം 2851-00-105-65 എന്ന ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/133/2018-വ്യവ., തീയതി 13-11-2019)

(കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

സംസ്ഥാന കരകൗശല മേഖലയുടെ വികസനത്തിനായി എച്ച്. ഡി. സി. കെ., കാഡ്കോ, സുരഭി, കെൽപാം, ബാംബൂ കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാപിതലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 450 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

തുക അധികമായി അനുവദിച്ച് നൽകിയിട്ടില്ല. ആയതിനാൽ ഇത് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ3/140/2018-വ്യവ., തീയതി 4-10-2019)

(കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

കേന്ദ്ര സഹായത്തിന് ആനുപാതികമായി സംസ്ഥാന സർക്കാർ വിഹിതം നിലനിർത്തിക്കൊണ്ട് ചേർത്തലയിലെ മെഗാഫുഡ് പാർക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 600 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തലയിലെ മെഗാഫുഡ് പാർക്ക് എന്ന പദ്ധതിയ്ക്കായി നാളിതുവരെ സംസ്ഥാന സർക്കാർ 18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 2018-19-ലെ ബഡ്ജറ്റിൽനിന്നും നിയുക്ത പദ്ധതിയ്ക്കായി അനുവദിച്ച 12.33 കോടി രൂപ E-Lams ലേയ്ക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കാത്ത സാഹചര്യത്തിൽ 2018-19-ലെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധികതുകയായ 6 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ കെ.എസ്.ഐ.ഡി.സി. സർക്കാരിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചില്ല.

ശിപാർശ

വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലേയ്ക്കുള്ള പശ്ചാത്തല സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം, റോഡുകളുടെ നിർമ്മാണം, ഡ്രെയിനേജ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിന് 2183 ലക്ഷം രൂപയും ജലവിതരണം, വൈദ്യുതി വിതരണം എന്നീ ആവശ്യങ്ങൾക്കായി 1517 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3700 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലേക്കുള്ള പശ്ചാത്തല സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19-ലെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധികതുകയായ 37 കോടി രൂപ അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 2019-20 ബജറ്റിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾക്ക് പശ്ചാത്തല സൗകര്യ വികസനത്തിനായി 17 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കുറ്റ്യാടിയിലെ നാളികേര വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ, ഭൂവികസനം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

കുറ്റ്യാടിയിലെ നാളികേര വ്യവസായ പാർക്കിന്റെ ചുറ്റുമതിലും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി 2018-19-ലെ സബ്ജക്ട് കമ്മിറ്റി 5 കോടി രൂപ ഈ പദ്ധതിക്കായി ശിപാർശ ചെയ്തിരുന്നു. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം വളരെ നാളായി നീണ്ടുപോയത് ഭൂവുടമയുമായുള്ള നിയമനടപടികൾ നടക്കുന്നതിനാലാണ്. ബഹുമാനപ്പെട്ട കോടതി ഭൂവുടമയുമായുള്ള കേസുകൾ തള്ളിയതിനാൽ കെ.എസ്.ഐ.ഡി.സി.യുടെ ലീഗൽ കൗൺസിലിന്റെ ഉപദേശമനുസരിച്ച് സബ്ജക്ട് കമ്മിറ്റിയിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഈ അവസരത്തിൽ മുൻപുണ്ടായിരുന്ന ഭൂവുടമ പഴയ ഉത്തരവുകൾക്ക് എതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ സമീപിക്കുകയും നിയമനടപടികൾ തീർപ്പാക്കാത്തതിനാൽ തുടർന്നുള്ള ജോലികൾ കെ.എസ്.ഐ.ഡി.സി.-യ്ക്ക് നടത്തുവാനും സാധിച്ചില്ല. അതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 5 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും കെ.എസ്.ഐ.ഡി.സി.-യ്ക്ക് സാധിച്ചില്ല. പ്രസ്തുത സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധികതുകയായ 5 കോടി രൂപ അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ജെ3/61/2019-വ്യവ., തീയതി 24-8-2019)

(കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനുംവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 36057 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

വിഷയനിർണ്ണയ സമിതിയുടെ 42-ാമത് ശിപാർശയായി 36057 ലക്ഷം രൂപ അനുവദിക്കണമെന്നുള്ളത് വ്യവസായ വകുപ്പിനുകീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കുംവേണ്ടിയുള്ള മൊത്തം അധികതുകയാണ്. ഇതിന്റെ പിരിവായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടിവരുന്ന അധികതുക പ്രത്യേകം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി വിവിധ നവീകരണ/വിപുലീകരണ/ആധുനികവൽക്കരണ പദ്ധതികൾ നടപ്പിലാക്കി വരികയാണെന്നും ഈ പദ്ധതികൾ നടപ്പിലാക്കി സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് പ്രവർത്തന മൂലധനം ലഭ്യമാകുന്നതുവരെ ആയത് നൽകേണ്ടത് ഇവയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി 3000 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത 3000 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ വ്യവ-എച്ച്1/130/2018/വ്യവ., തീയതി 23-11-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

6851-00-190-86 – <u>കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം രൂപ (പ്ലാൻ)

സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ ഉല്പാദന യൂണിറ്റായ ബാംബൂ ബോർഡ് ഫാക്ടറിയുടെ ആധുനീകരണത്തിനും വിപുലീകരണത്തിനും ചുവടെ ചേർക്കുംവിധം തുക അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

| നമ്പർ | പദ്ധതികൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ബാംബൂ പ്ലൈ മുറിക്കുന്നതിനായി ഒരു പുതിയ സെമി ഓട്ടോമെറ്റിക് ട്രിമ്മിംഗ് മെഷീനും അതിനോടൊപ്പം ഡസ്റ്റ് എക്സ്ട്രാക്ഷൻ സിസ്റ്റവും വാങ്ങുന്നതിന് | 10.00 |
| 2 | ബാംബൂ പ്ലൈ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുവായ ഫിനോൾ സൂക്ഷിക്കുന്നതിനുള്ള ടാങ്ക് വാങ്ങുന്നതിന് | 20.00 |
| 3 | ഫാക്ടറിയിലെ ഉല്പാദനത്തിനാവശ്യമായ ചിരട്ട സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മിക്കുന്നതിന് | 80.00 |
| 4 | ബാൻഡ് ഡ്രയറിന്റെ 3 കൺവെയർ ബാൻഡ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് | 10.00 |
| 5 | ഒരു കൂളിംഗ് ടവറും 3 മൈൽഡ് സ്റ്റീൽ ടാങ്കും നിർമ്മിക്കുന്നതിന് | 30.00 |
| 6 | 3 യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രം നിർമ്മിക്കുന്നതിന് | 50.00 |
| 7 | പനമ്പ് കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഗോഡൗൺ നിർമ്മിക്കുന്നതിന് | 40.00 |
| | ആകെ | 240.00 |

മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി 240 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതിമൂലം സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ ഉല്പാദന യൂണിറ്റായ ബാംബൂ ബോർഡ് ഫാക്ടറിയുടെ ആധുനീകരണത്തിനും വിപുലീകരണത്തിനും സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 240 ലക്ഷം രൂപ അധികമായി അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ 28-3-2019-ലെ സ.ഉ.(സാധാ.)നമ്പർ 287/19/വ്യവ., പ്രകാരം 6851-00-190-86 ശീർഷകത്തിൽ ബാംബൂ കോർപ്പറേഷന് അടിയന്തര ധനസഹായമായ ധനപുനർവിന്യാസം മുഖേന 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ കെ1/133/2018-വ്യവ., തീയതി 13-11-2019)

(കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

കേരള സംസ്ഥാന മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് ഖനനം നടത്തുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

2018-19-ലെ ബഡ്ജറ്റ് വിഹിത പ്രകാരം ഖനനം നടത്തുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി 13-7-2018-ലെ സ.ഉ (സാധാ.) നമ്പർ 824/2018/വ്യവ. ഉത്തരവ് പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായെങ്കിലും ടി തുക റിലീസ് ചെയ്യുന്നതിനുള്ള ശിപാർശ കമ്പനി സമർപ്പിച്ചിരുന്നില്ല.

<u>ശിപാർശ</u>

2018-19 സാമ്പത്തിക വർഷം എൽ.വി.പി., എസ്.വി.പി., പി.എഫ്.എസ്., ഓഫ്താൽമിക് മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും 2700 ലക്ഷം രൂപകൂടി ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം ക്യാൻസർ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 2000 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 4700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധികതുക കമ്പനിയ്ക്ക് അനുവദിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്3/174/2019/വ്യവ., തീയതി 13-10-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

പ്രീപെയ്ഡ് എനർജി മീറ്റർ, സ്മാർട്ട് മീറ്റർ, ഗ്യാസ് മീറ്റർ എന്നിവയുടെ ഉല്പാദനത്തിന് 500 ലക്ഷം രൂപ മാത്രമെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 500 ലക്ഷം രൂപയിൽ 340 ലക്ഷം രൂപ മാത്രമെ അനുവദിച്ചിരുന്നുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്തിട്ടുള്ള 150 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടി വന്നില്ല.

(റഫറൻസ് നമ്പർ വ്യവ-എച്ച്1/130/2018/വ്യവ., തീയതി 23-11-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഇലക്ട്രിക്കൽ ആട്ടോറിക്ഷയുടെ നിർമ്മാണത്തിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

2018-19-ലെ സപ്ലിമെന്ററി ഡിമാന്റ്സ് ഗ്രാന്റിൽ 1000 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും ആയത് ധനകാര്യ വകുപ്പ് അനുവദിച്ചില്ല. ഇലക്ട്രിക് ആട്ടോറിക്ഷയുടെ നിർമ്മാണ പദ്ധതിയ്ക്കായി 633 ലക്ഷം രൂപ 6858-03-190-99 എന്ന (പ്ലാൻ) ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് റിലീസ് ചെയ്തതിനുശേഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെകൂടി അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(റഫറൻസ് നമ്പർ 69/ഡി3/130/2018/വ്യവ., തീയതി 25-11-2019)

(കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ലാഭം കുറവായതിനാൽ കമ്പനി പ്രവർത്തിക്കുന്നത് നഷ്ടത്തിലാണെന്നും ആസ്തി വികസനത്തിനുള്ള ഫണ്ട് കണ്ടെത്താൻ സാധ്യമല്ലെന്നും കമ്പനിയുടെ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡും തമ്മിൽ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി 3T ഹാമറും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 1124 ലക്ഷം രൂപ, റിയാബിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള

HSRP പദ്ധതി നടപ്പാക്കുന്നതിന് 820 ലക്ഷം രൂപ, ഫാക്ടറി മേൽക്കൂര പുനരുദ്ധാരണത്തിന് 50 ലക്ഷം രൂപ, ഓഫീസ് ബിൽഡിംഗ് പുനരുദ്ധാരണത്തിന് 9 ലക്ഷം രൂപ, KAMCO SIFL Athani, Cochin Refinery, BPCL മുതലായവർക്ക് ആവശ്യമായ സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപ ഉൾപ്പെടെ ആകെ 2303 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ അസംബ്ലി സൗകര്യങ്ങളോടുകൂടിയ മെഷീനിംഗ് ഷോപ്പിന്റെ വിപുലീകരണത്തിന് 6860-60-190-84 എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും മേൽശീർഷകത്തിൽ ഇതേ ആവശ്യത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 6860-60-190-84 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 6858-60-190-84 എന്ന ശീർഷകത്തിലേക്ക് മാറ്റിനൽകണമെന്നും കൂടാതെ കമ്പനിയുടെ ആധുനികവൽക്കരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി 1100 ലക്ഷം രൂപ മേൽശീർഷകത്തിൽ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/180/2019/വ്യവ., തീയതി 23-8-2019)

(കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

പരിസ്ഥിതി മലിനീകരണ പ്രശ്നംമൂലം കേരള ക്ലേയ്സ് ആൻഡ് സിറാമിക് ലിമിറ്റഡിന്റെ 5 യൂണിറ്റുകളിൽ 3 യൂണിറ്റുകളുടെയും പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണെന്നും കമ്പനിയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ക്ഷീരോല്പാദന പദ്ധതി നടപ്പിലാക്കാൻ കമ്പനി ഡയറക്ടർ ബോർഡ് തീരുമാനിച്ചിരിക്കുന്നതായും സമിതി

മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 68 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

കേരള ക്ലെയ്സ് ആൻഡ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഇന്റഗ്രേറ്റഡ് ലൈവ്സ്റ്റോക്ക് ആൻഡ് കോക്കനട്ട് പ്രോസസ്സിംഗ് പദ്ധതിക്ക് അധികതുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

(റഫറൻസ് നമ്പർ എച്ച് 2/118/2019/വ്യവ., തീയതി 14-10-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു).

<u>അദ്ധ്യായം VII</u>

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും**

ഇല്ല.

പി. രാജീവ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2021 ജൂൺ 30.

<u>അനുബന്ധം</u>

## 2020 ജൂലൈ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2020 ജൂലൈ 23, വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 110-ാം നമ്പർ സമ്മേളനഹാളിൽ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സമിതി ചെയർമാൻ ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

2. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ആന്റണി ജോൺ, എം.എൽ.എ.

2. പ്രൊഫ. കെ. യു. അരുണൻ, എം.എൽ.എ.

3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. കെ. ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

2. ശ്രീ. മുഹമ്മദ് ഹനീഷ്, സെക്രട്ടറി, വ്യവസായ വകുപ്പ്.

3. ശ്രീ. കെ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

5. ശ്രീമതി ബീനാകുമാരി. എസ്, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

6. ശ്രീ. എ.എം. അബ്ദുൾ റഷീദ്, മാനേജിംഗ് ഡയറക്ടർ, ബാംബൂ കോർപ്പറേഷൻ.

7. ശ്രീ. സുധീർ. കെ, ഡയറക്ടർ, കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ്.

സമിതി കാര്യവിവരപ്പട്ടിക പ്രകാരമുള്ള വിഷയങ്ങൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. <u>2020-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ</u>

നഗര പ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങളുടെ കരട് പരിഗണന സംബന്ധിച്ച്

(ഫയൽ നമ്പർ 2827/സബ്.സി.ബി2/2018/നി.സെ.)

സമിതി 2020-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങളുടെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(1) കരട് ചട്ടം 2(3)-ലെ ഭേദഗതി

**"ചട്ടം 16-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള സർവ്വീസ് ചാർജ്ജുകൾ....."** എന്നത് **"ചട്ടം 16(1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള സർവ്വീസ് ചാർജ്ജുകൾ....."** എന്ന് മാറ്റേണ്ടതാണ്.

(2) കരട് ചട്ടം 2(7)-ലെ ഭേദഗതി

17-ാം ചട്ടത്തിൽ (1) ഉപചട്ടത്തിനുപകരം ചേർത്ത ഉപചട്ടത്തിൽ **"സർവ്വീസ് ചാർജ്ജ് സംബന്ധിച്ച രജിസ്റ്ററും വച്ചുപോരേണ്ടതാണ് "** എന്ന വ്യവസ്ഥകൂടി ചേർക്കേണ്ടതാണ്.

(3) **ഫോറം സി**യിൽ ആക്ടിന്റെ പേരിൽ ഒഴികെ ക്ലിയറൻസ് എന്ന് പരാമർശിക്കുന്ന ഇടങ്ങളിൽ ക്ലിയറൻസ് /സർട്ടിഫിക്കറ്റ് / ലൈസൻസ് എന്ന് ചേർക്കേണ്ടതാണ്.

II. കേരള മൈക്രോ ആൻഡ് സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ റൂൾസ്, 2019-ന്റെ സാധൂകരണം (SRO No.947/2019 dated 3-12-2019) സംബന്ധിച്ച്

(ഫയൽ നമ്പർ 1580/സബ്.സി.ബി2/2020/നി.സെ.)

സമിതി, കേരള മൈക്രോ ആൻഡ് സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ റൂൾസ്, 2019 (SRO No.947/2019, dated 3-12-2019) പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

III. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണന സംബന്ധിച്ച്

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 2, 12-18, 51, 52 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്-ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ.)

സമിതി, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 4-18, 31, 39-41, 46, 52-54 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

V. 2018-19-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ സംബന്ധിച്ച്

(ഫയൽ നമ്പർ 129/സബ്.സി.ബി2/2019/നി.സെ.)

കയർ വികസന വകുപ്പ്, കേരള സിറാമിക്സ് ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്നിവയുടെ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

VI. സമിതിയുടെ താഴെ പറയുന്ന റിപ്പോർട്ടുകളുടെ കരട്, യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു

1. സമിതിയുടെ 2019-20 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്.

(ഫയൽ നമ്പർ 2690/സബ്.സി.ബി2/2020/നി.സെ.)

2. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.

(ഫയൽ നമ്പർ 2691/സബ്.സി.ബി2/2020/നി.സെ.)

യോഗം ഉച്ചയ്ക്കുശേഷം 3.25-ന് അവസാനിച്ചു.

## 2020 ഡിസംബർ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV, 2020 ഡിസംബർ 23-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ 110-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. പി. ജയരാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.
2. ശ്രീ. കെ. ബി. ഗണേഷ്കുമാർ. എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ. എം.എൽ.എ.
4. പ്രൊഫ. കെ. യു അരുണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ.ബി. റെജി, ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. മുഹമ്മദ് ഹനീഷ്, സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ. എം. ജി. രാജമാണിക്കം, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
3. ശ്രീമതി, കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, സാധൂകരണത്തിനായുള്ള ചട്ടങ്ങൾ, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 12/2020, തീയതി 6-1-2020) സാധൂകരണം, സംബന്ധിച്ച്

(ഫയൽ നമ്പർ 672/സബ്.സി.ബി2/2020/നി.സെ.)

2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ സബ്ജക്റ്റ് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധന കൂടാതെ പ്രസിദ്ധീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾ പ്രകാരം സംരംഭകർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്ത നടപടി ഉചിതമായില്ലെന്നും ഇതിലൂടെ വ്യവസായ വകുപ്പിലെ സുപ്രധാനമായ ഒരു നിയമത്തിലെ ഭേദഗതികളിലും പുതിയ വ്യവസായ സംരംഭകരുടെ

വിഷയങ്ങളിലും സമിതി അംഗങ്ങൾക്ക് അഭിപ്രായം പറയുവാനുള്ള അവസരം നഷ്ടപ്പെടുകയാണുണ്ടായതെന്നും സമിതി അഭിപ്രായപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത ചട്ടങ്ങൾ 2020 ജനുവരി മാസത്തിൽ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കുകയും ASCEND KERALA 2020-യുടെ ഭാഗമായി ബഹു.മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തതിനാലാണ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംരംഭകർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചതെന്ന് വ്യവസായ വകുപ്പുസെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 238 പ്രകാരം അടിയന്തര സാഹചര്യങ്ങളിൽ ഗവൺമെന്റിന് സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധന കൂടാതെ ചട്ടങ്ങൾ പുറപ്പെടുവിക്കാവുന്നതാണെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ 30 ദിവസങ്ങൾക്കുള്ളിൽ സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കണമെന്നതാണ് വ്യവസ്ഥയെന്നും 2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായസ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളുടെ ഇംഗ്ലീഷിലുള്ള പകർപ്പ് 2020 ജനുവരി മാസത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിച്ചിരുന്നുവെങ്കിലും മൂലനിയമം മലയാളത്തിലായതിനാൽ മലയാളത്തിലുള്ള ചട്ടങ്ങളാണ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതെന്നതിനാൽ ചട്ടങ്ങളുടെ മലയാളത്തിലുള്ള പകർപ്പ് വകുപ്പിൽനിന്നും ലഭിക്കുന്നതിന് കാലതാമസമുണ്ടായതിനാലാണ് ടി ചട്ടം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ വൈകിയതെന്ന് നിയമസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിയും വിശദീകരിച്ചു.

കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ എന്നിവ കാലതാമസം കൂടാതെ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 12/2020, തീയതി 6-1-2020) സമിതി സാധൂകരിച്ചു.

2. <u>കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ 2020 (എസ്.ആർ.ഒ. നമ്പർ 9/2020, തീയതി 6-1-2020)-ന്റെ സാധൂകരണം, സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3234/സബ്.സി.ബി2/2020/നി.സെ.)

കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 9/2020, തീയതി 6-1-2020) സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

3. <u>2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന</u>

സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവയുടെ പരിഗണന, സംബന്ധിച്ച്

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 30-34, 36, 40-44, 53 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവയുടെ പരിഗണന, സംബന്ധിച്ച്

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ.)

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 42, 43, 47, 48, 51, 59 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 2018-19, 2019-20 എന്നീ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ സംബന്ധിച്ച്

(ഫയൽ നമ്പർ 129/സബ്.സി.ബി2/2019/നി.സെ.)

(ഫയൽ നമ്പർ 248/സബ്.സി.ബി2/2020/നി.സെ.)

2018-19 സാമ്പത്തിക വർഷത്തെ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ), ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെയും 2019-20 സാമ്പത്തിക വർഷത്തെ ആട്ടോകാസ്റ്റ് ലിമിറ്റഡ്, 2852-80-001-97-ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (പ്ലാൻ) ഹെഡ്, സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയിൽ "ഇതിന് ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഉചിതമല്ലെന്നും സബ്ജക്ട് കമ്മിറ്റി അംഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന ഇത്തരം രേഖയിൽ ആയത് മന്ത്രി അംഗീകരിച്ചതാണ് എന്ന് രേഖപ്പെടുത്തുന്നത് തെറ്റായ നടപടിക്രമമാണെന്നും സമിതി അഭിപ്രായപ്പെട്ടതനുസരിച്ച് ഈ വിഷയം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാമെന്ന് വ്യവസായ വകുപ്പുസെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.